"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മുൻ പരിയാരം ദന്തൽ കോളേജിലെ 17 അനധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.431/2025/H&FWD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. 19/02/2021-സ.ഉ.(കൈ).നം.52/2021/ആ.കു.വ
2. 16/03/2022-സ.ഉ.(കൈ).നം.58/2022/ആ.കു.വ
3. 18/03/2022-സ.ഉ.(കൈ).നം.62/2022/ആ.കു.വ
4. 28/06/2022-സ.ഉ.(കൈ).നം.137/2022/ആ.കു.വ
5. 29/06/2023 - സ.ഉ.(കൈ).നം.149/2023/ആ.കു.വ
6. 24/07/2023-സ.ഉ.(കൈ).നം.167/2023/ആ.കു.വ
7. 27/09/2023-സ.ഉ.(കൈ).നം.265/2023/ആ.കു.വ
8. 18/11/2023-സ.ഉ.(കൈ).നം.313/2023/ആ.കു.വ
9. 25/10/2024-സ.ഉ.(കൈ).നം.314/2024/ആ.കു.വ
10. 12/12/2024-സ.ഉ.(കൈ).നം.383/2024/ആ.കു.വ
11. 10/10/2025-സ.ഉ.(കൈ).നം.346/2025/ആ.കു.വ
12. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2025-ലെ എൻസി4/641/2021/ഡി.എം.ഇ (1) നം. കത്ത്.

**<u>ഉത്തരവ്</u>**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയ്യതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നിരുന്നു. മുൻ പരിയാരം മെഡിക്കൽ കോളേജിലെ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ഥിര ജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരെയും പരാമർശം 2,3 എന്നിവ പ്രകാരം അക്കൊമൊഡേറ്റ് ചെയ്ത് ഉത്തരവുകൾ പുറപ്പെടുവിക്കുകയും തുടർന്ന് ടിയാളുകൾക്ക് നിയമന ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ സ്ഥിര ജീവനക്കാരുടെ അക്കൊമൊഡേഷനുവേണ്ടി പരാമർശം 1 പ്രകാരം 772 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ ഉൾപ്പെടുന്ന ദന്തൽ വിഭാഗം

അധ്യാപക തസ്തികകളെ പരാമർശം 4,5,10 ഉത്തരവുകൾ പ്രകാരവും, ഫാർമസി വിഭാഗം അധ്യാപക തസ്തികകളെ പരാമർശം 7,9 ഉത്തരവുകൾ പ്രകാരവും, നഴ്സിംഗ് അസിസ്റ്റന്റ്/ ട്രോളി വർക്കേഴ്സ് /ടൈലർ ഉൾപ്പെടെയുള്ള 208 ജീവനക്കാരെ പരാമർശം 6 പ്രകാരവും, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരെ പരാമർശം 8 പ്രകാരവും വർഗ്ഗീകരിച്ചുകൊണ്ട് ഉത്തരവുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പരാമർശിത 772 തസ്തികകളിലുൾപ്പെട്ട 17 ദന്തൽ അനധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമൊഡേറ്റ്/ആഗിരണം ചെയ്യുന്നതിന് 12 വാനിഷിംഗ് ഉൾപ്പെടെ ആകെ 17 തസ്തികകൾ അനുവദിച്ചും ടി തസ്തികകളുടെ വർഗീകരണം പൂർത്തീകരിച്ച് തസ്തികകളുടെ തരം തിരിവ് നടത്തിയും പരാമർശം 11 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി 17 ദന്തൽ അനധ്യാപക ജീവനക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (12) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2).ഈ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകളോട്ട കൂടി, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികകളിലുള്ള മുൻ പരിയാരം ദന്തൽ കോളേജിൽ നിന്നും ഏറ്റെടുക്കുന്ന 17 അനധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കോമ്മൊഡേറ്റ്/ആഗിരണം ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) 24/08/2022 - ലെ 104/എസ്.1/2022/ആ.കു.വ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുകളിൽ നിന്നും ഓപ്ഷൻ സ്വീകരിക്കുന്നതാണ്.

ii) ഏറ്റെടുക്കുന്ന 17 ജീവനക്കാരുടെ അക്കോമൊഡേഷന്റെ പ്രാബല്യത്തീയതി സ്ഥാപനത്തിന്റെ സർക്കാർ ഏറ്റെടുക്കൽ തീയതിയായ 02/03/2019 ആയിരിക്കുന്നതാണ്.

iii) ഏറ്റെടുക്കൽ തീയതിയിൽ അർഹമായ അവധിയിൽ/ വീക്കിലി ഓഫ് ആയിരുന്ന ജീവനക്കാരുടെ അക്കൊമ്മൊഡേഷന്റെ പ്രാബല്യത്തീയതി സർക്കാർ പിന്നീട് നിർണ്ണയിക്കുന്നതാണ്.

iv) ഏറ്റെടുക്കൽ തീയതിയിൽ ശൂന്യവേതനാവധിയിൽ തുടർന്നിരുന്ന ജീവനക്കാരുടെ അക്കൊമ്മൊഡേഷന്റെ പ്രാബല്യത്തീയതി ടിയാളുകൾ ദീർഘകാല അവധിയ്ക്ക് ശേഷം തിരികെ സർവീസിൽ പുനഃപ്രവേശിച്ച തീയതി ആയിരിക്കുന്നതാണ്.

v) വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി അടക്കമുള്ള രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സർക്കാർ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ടിയാളുകൾക്ക് വ്യക്തിഗത നിയമന ഉത്തരവുകൾ നൽകുന്നതാണ്.

vi) 31/07/2006 — ലെ സ.ഉ(അച്ചടി) 112/2006/ആഭ്യന്തരം, 05/06/2009 — ലെ സ.ഉ(അച്ചടി) 79/2009/ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കും പ്രകാരമുള്ള പോലീസ് വെരിഫിക്കേഷനിലൂടെ ടിയാളുകളുടെ സ്വഭാവമടക്കമുള്ളവയിന്മേലുള്ള പരിശോധന നടത്തി നിയമന തസ്തികയിലെ കൺഫർമേഷൻ/റഗുലറൈസേഷൻ പൂർത്തീകരിക്കുന്നതാണ്.

vii) ടി ദന്തൽ അനധ്യാപക ജീവനക്കാരുടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ഇന്റഗ്രേഷൻ പൂർണ്ണമായും ടിയാളുകളുടെ വിദ്യാഭ്യാസ യോഗ്യത, ഓരോ തസ്തികയ്ക്കും വേണ്ടി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ, അതാത് കൗൺസിൽ മാനദണ്ഡങ്ങൾ, പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കുന്നതാണ്.

viii) എൻടി കേഡർ തസ്തികയിലെ നിയമനത്തിന്റെ റഗുലറൈസേഷൻ ടിയാളുകളുടെ പോലീസ് വെരിഫിക്കേഷന് ശേഷമുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി തേടി നടത്തുന്നതാണ്. ടിയാളുകളെ ജൂനിയർ ടു ജൂനിയർ മോസ്റ്റായി 02/03/2019 തീയതി പ്രാബല്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതാണ്.

ix) സ്ഥാനക്കയറ്റ തസ്തിക ഓപ്റ്റ് ചെയ്യുന്നവർ സ്റ്റാന്റ് എലോൺ സ്റ്റാറ്റസിലായിരിക്കുന്നതാണ്. ടിയാളുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതല്ല. സ്ഥാനക്കയറ്റ തസ്തികയിലെ (സ്റ്റാന്റ് എലോൺ) ടിയാളുകളുടെ നിയമനത്തിന്റെ റഗുലറൈസേഷൻ 02/03/2019 തീയതി പ്രാബല്യത്തിൽ പോലീസ് വെരിഫിക്കേഷന് ശേഷമുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി തേടി നടത്തുന്നതാണ്.

x) ടി ജീവനക്കാരുടെ റഗുലറൈസേഷൻ പൂർത്തിയായതിന് ശേഷം ടിയാളുകളുടെ സീനിയോറിറ്റി ലിസ്റ്റ് തയാറാക്കുന്നതിനുള്ള നടപടികൾ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ കൈക്കൊള്ളുന്നതാണ്.

xi) ടി ജീവനക്കാർക്ക് NPS ബാധകമായിട്ടുള്ളതും, വിരമിക്കൽ പ്രായം 60 വയസ്സായിരിക്കുന്നതുമാണ്. കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ടിയാളുകൾക്കും ബാധകമായിരിക്കുന്നതാണ്.

xii) ടി ജീവനക്കാരുടെ സേവന ക്രമീകരണം വരെ ഇ.എസ്.ഐ, ഇ.പി.എഫ് സ്കീമുകൾ തുടരുന്നതാണ്. നിയമിക്കപ്പെടുന്ന തസ്തികയുടെ ശമ്പള സ്കെയിലിന്റെ തുടക്കത്തിൽ 02/03/2019 തീയതി പ്രാബല്യത്തിൽ ടിയാളുകളുടെ ശമ്പളം നിർണ്ണയിക്കുന്നതാണ്.

xiii) ടി ജീവനക്കാർക്ക് PEN സൃഷ്ടിച്ച ശേഷം ടിയാളുകളുടെ GPF, SLI, GIS, NPS, GPAIS എന്നീ സ്കീമുകളിലെ ഉൾപ്പെടുത്തൽ നടത്തുന്നതാണ്.

xiv) ടി ജീവനക്കാരുടെ മുൻ പരിയാരം ദന്തൽ കോളേജിലെ സർവീസ് യാതൊരു സർവീസ്/സാമ്പത്തിക അനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

xv) ഏറ്റെടുക്കൽ തീയതിയിൽ (02/03/2019) ടിയാളുകളുടെ അവധി അക്കൗണ്ടിൽ ഉള്ള അവധി പൂജ്യം ആയിരിക്കുന്നതാണ്.

xvi) ടി ദന്തൽ അനധ്യാപക ജീവനക്കാരുടെ റഗുലറൈസേഷൻ പൂർത്തിയായതിന് ശേഷം ടിയാളുകളുടെ കമ്മ്യൂണൽ റിസർവേഷൻ മാനദണ്ഡങ്ങൾ നിലനിർത്തുന്നതിനുള്ള കമ്മ്യൂണിറ്റി ചാർട്ട് തയാറാക്കുന്നതിനുള്ള നടപടികൾ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്

പ്രിൻസിപ്പാൾ കൈക്കൊള്ളുന്നതാണ്.

xvii). വാനിഷിംഗ് തസ്തികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ വിരമിക്കുന്നത് വഴിയോ, പ്രൊമോഷൻ വഴിയോ, മരണം അല്ലെങ്കിൽ പുറത്താക്കൽ വഴിയോ ടി തസ്തികകൾ പൂർണ്ണമായും ഇല്ലാതാകുന്നതാണ്.

**അനുബന്ധം എ-റെഗുലർ തസ്തികകൾ**

| ക്രമ നമ്പർ | പേര് | ജനന തീയതി | നിലവിലെ തസ്തിക | അക്കൊമൊഡേറ്റ് ചെയ്യുന്ന തസ്തിക |
|---|---|---|---|---|
| 1 | മുഹമ്മദ് യാസിൻ | 10/05/1975 | ദന്തൽ മെക്കാനിക് | ദന്തൽ മെക്കാനിക് ഗ്രേഡ് II |
| 2 | ഗോപി പി. | 14/05/1970 | ദന്തൽ മെക്കാനിക് | ദന്തൽ മെക്കാനിക് ഗ്രേഡ് II |
| 3 | രാജീവ്.കെ.വി. | 27/05/1967 | ദന്തൽ മെക്കാനിക് | ദന്തൽ മെക്കാനിക് ഗ്രേഡ് II |
| 4 | മനോജ് കുമാർ എം. | 20/05/1981 | ദന്തൽ മെക്കാനിക് | ദന്തൽ മെക്കാനിക് ഗ്രേഡ് II |
| 5 | കിഷോർ ജേക്കബ് | 04/01/1985 | ദന്തൽ ഹൈജീനിസ്റ്റ് ഹയർ ഗ്രേഡ് | ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് I |

**അനുബന്ധം ബി-വാനിഷിംഗ് തസ്തികകൾ**

| ക്രമ നമ്പർ | പേര് | ജനന തീയതി | നിലവിലെ തസ്തിക | അക്കൊമൊഡേറ്റ് ചെയ്യുന്ന തസ്തിക |
|---|---|---|---|---|
| 1. | സുരേഷ് കുമാർ എ.പി. | 10/02/1976 | ദന്തൽ എക്യുപ്മെന്റ് ടെക്നീഷ്യൻ ഹയർ ഗ്രേഡ് | ദന്തൽ എക്യുപ്മെന്റ് ടെക്നീഷ്യൻ ഹയർ ഗ്രേഡ് |
| 2 | ചൈതന്യ സി. കെ. | 31/01/1987 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 3 | പ്രീതി എം നായർ | 26/10/1988 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 4 | ബിന്ദു ടി. വി. | 26/05/1973 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 5 | സ്മിത. എം. | 01/06/1985 | ചെയർ | ഹോസ്പിറ്റൽ അറ്റൻഡന്റ് |

| | | | | |
|---|---|---|---|---|
| | | | സൈഡ് അസിസ്റ്റന്റ് | ഗ്രേഡ് 1 |
| 6 | സൗമ്യ പ്രേമൻ | 02/10/1987 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 7 | സജിത വി. | 13/02/1990 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 8 | സുധ എ.വി | 25/01/1977 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 9 | സമർനാഥ് വി. | 01/06/1988 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 10 | ദിനേശൻ എം. | 12/04/1970 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 11 | പ്രശാന്തൻ സി.വി | 25/05/1976 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |
| 12 | സിന്ധു വി.വി. | 02/02/1976 | ചെയർ സൈഡ് അസിസ്റ്റന്റ് | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ധനകാര്യ വകുപ്പ് (20/09/2025-ലെ 2639728/HLT-B1/93/2020-FIN-Part(1) )
ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/163/2020/ ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
Sajikumar K
സെക്ഷൻ ഓഫീസർ
Date: 20-12-2025 14:48:24

പകർപ്പ് - ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി